**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതിയിൽ 12.10.2023 തീയതിയിലെ സ.ഉ(സാധാ)നം.299/2023/കാ.യു.വ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അജാനൂർ പഞ്ചായത്ത് രാമഗിരി ഗ്രൗണ്ടിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും ലക്ഷ്യമിട്ട് 13.03.2018 തീയതിയിലെ GO (Rt) 36/2018/SYA ഉത്തരവ് പ്രകാരം കായികയുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കീക്കാംകോട്ട് ഗവ. എൽ.പി.എസിൽ നടപ്പിലാക്കി. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ സ്പോർട്സ് ഡിവിഷനും സ്പോർട്സ് അക്കാദമിയും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഗവ.എച്ച്. എസ്. എസ് ചായ്യോത്തിൽ സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കുന്നതിന് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സ്കൂളിൽ ഒരു സ്പോർട്സ് അക്കാദമി തുടങ്ങാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൗൺസിൽ ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | ആയതിനുള്ള നടപടികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ? | (സി) | കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഗവ.എച്ച്. എസ്. എസ് ചായ്യോത്തിൽ സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കുന്നതിന് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സ്കൂളിൽ ഒരു സ്പോർട്സ് |

| | | | |
|---|---|---|---|
| | | | അക്കാദമി തുടങ്ങാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൗൺസിൽ ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ